## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 171** **30.11.2015 ന് മറുപടിയ്ക്ക്**

## സമഗ്രമായ മദ്യനയം നടപ്പാക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വർക്കല കഹാർ**<br>**,, പാലോട് രവി**<br>**,, തേറമ്പിൽ രാമകൃഷ്ണൻ**<br>**,, സി.പി.മുഹമ്മദ് :** | | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് സമഗ്രമായ മദ്യനയം നടപ്പാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശി ക്കുന്നത്; വിശദമാക്കുമോ; | (എ) യും (ബി) യും | മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനനുസൃതമായ ഒരു മദ്യനയമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാന ശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. കേരളീയ സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ആരോഗ്യ-സാമൂഹിക പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. ഇതിനനുസൃതമായ സമഗ്രമായ ഒരു മദ്യനയം സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. മദ്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനത്തെ സർക്കാർ ഒരു പ്രധാന റവന്യൂ വരുമാനമായി കാണുന്നില്ല. മറിച്ച് മദ്യത്തിൽ നിന്നും പൊതുസമൂഹത്തെ, പ്രത്യേകിച്ച് യുവജനങ്ങളേയും വിദ്യാർത്ഥികളെയും രക്ഷിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് സർക്കാർ ഇത്തരം നടപടികൾ സ്വീകരിച്ച് വരുന്നത്. |
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) | 2014-15 വർഷത്തിലെ അബ്കാരി നയത്തിലെ ആദ്യപടിയായിയാണ്, പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദ് ചെയ്യുന്നതിനും എഫ്.എൽ-1 ഷോപ്പുകളുടെ എണ്ണം ഒരോ വർഷവും 10% കണ്ട് കുറയ്ക്കുന്നതിനും സർക്കാർ തീരുമാനമെടുത്തത്. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും ബാർ ഹോട്ടലുകളുടെയും |

ബിയർ വൈൻ പാർലറുകളുടേയും പ്രവർത്തന സമയം $5^{1/2}$ മണിക്കൂർ കുറയ്ക്കുകയുമുണ്ടായി. യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി, മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18 ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി. കൂടാതെ ബോധവത്ക്കരണത്തിൽക്കൂടി മദ്യവർജ്ജനം പ്രാവർത്തികമാക്കുന്നതിന് എക്സൈസ് വകുപ്പിൽ ബോധവത്ക്കരണ വിഭാഗം രൂപീകരിച്ച് ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവത്ക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ദുഃഖവെള്ളിയാഴ്ചയും, അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചു.

**സെക്ഷൻ ഓഫീസർ**